മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനു മുമ്പുതന്നെ ഒഴിവുകൾ കണക്കാക്കുന്നത് പ്രായോഗികമല്ല. എങ്കിലും തൊട്ടടുത്ത കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകാറുണ്ട്.

(ഡി) പ്രസ്തുത ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ&എഫ്) കാലാവധി ദീർഘിപ്പിച്ച കാലയളവിലും ഒരു നിയമന ശിപാർശ പോലും നടത്താതെ റാങ്ക് ലിസ്റ്റ് റദ്ദായി പോയത് സംബന്ധിച്ചിട്ടുള്ള വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് മാത്രമേ നിയമനം നൽകാൻ സാധിക്കുകയുള്ളൂ.

ക്രമിനൽ കേസുകളിലെ കുറ്റാരോപിതരുടെ മാധ്യമ വിചാരണ

27(*27) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൽ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമിനൽ കേസുകളിലെ കുറ്റാരോപിതരെ സംബന്ധിച്ച് അന്വേഷണ ഘട്ടത്തിൽ നടത്തുന്ന മാധ്യമ വിചാരണയ്ക്കെതിരെ മനുഷ്യാവകാശ കമ്മീഷന്റെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മീഷൻ നിർദ്ദേശമനുസരിച്ച്എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇന്നു നടന്നുവരുന്ന മാധ്യമ വിചാരണ, മനുഷ്യാവകാശങ്ങളിന്മേലുള്ള കടന്നാക്രമണമെന്നതിലുപരി അപരാധികളെ രക്ഷപ്പെടുത്തുന്നതിനും നിരപരാധികളെ കുടുക്കുന്നതിനും, അന്വേഷണ ഉദ്യോഗസ്ഥരെ പരോക്ഷമായി സ്വാധീനിക്കുന്നതിനും ഇടയാക്കുന്നുണ്ടെന്നതിനാൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിരപരാധികളെ കേസിൽ കുടുക്കുകയോ, അപരാധികളെ നിയമത്തിന്റെ കരങ്ങളിൽ നിന്നും രക്ഷപ്പെടുത്തുകയോ കേരള പോലീസ് ചെയ്യുന്നില്ല. ആയതിനാൽ മാധ്യമ വിചാരണകൾ കേരള പോലീസിന്റെ കേസന്വേഷണത്തെ യാതൊരു വിധത്തിലും ബാധിക്കുന്നതായി അറിവായിട്ടില്ല.

ഭരണ മികവിന് സംസ്ഥാനത്തിന് അംഗീകാരം

28(*28) ശ്രീ. കെ. മുരളീധരൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ തലത്തിലും അന്തർ ദേശീയ തലത്തിലും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം രംഗങ്ങളിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ&ബി) സംസ്ഥാന ഭരണത്തിന്റെ മികവിന് യു.എൻ.ഡി.പി.-യുടെ പ്രശംസ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.-യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പു രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയുണ്ടായി. ഐക്യരാഷ്ട്ര സംഘടന ആഗോള തലത്തിൽ പബ്ലിക് സർവ്വീസസിനു നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly